## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7113** **11.07.2014- ൽ മറുപടിക്ക്**

### ദുരന്തനിവാരണ അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ഡി സതീശൻ<br>ശ്രീ. സി.പി മുഹമ്മദ്<br>ശ്രീ. റ്റി.എൻ പ്രതാപൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ ദുരന്ത നിവാരണ സംവിധാനം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ ശാസ്ത്ര സാങ്കേതിക പഠന സ്ഥാപനമായ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെയും ഐ.എൽ.ഡി.എം-ന്റെയും സഹകരണത്തോടു കൂടി സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളെ കുറിച്ചുള്ള സമഗ്രമായ ഗവേഷണ പഠന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനമുള്ള ശാസ്ത്ര വിഭാഗമായ പ്രസ്തുത കേന്ദ്രം 24 മണിക്കൂറും സുസജ്ജമായ നിരീക്ഷണ പരിരക്ഷണ സംവിധാനമാണ് വിഭാവനം ചെയ്യുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 24 മണിക്കൂറും പ്രവർത്തന സജ്ജമായ ഒരു കേന്ദ്ര നിരീക്ഷണ സംവിധാനത്തോടു കൂടി വിഭാവനം ചെയ്തിരിക്കുന്ന സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (എസ്.ഇ.ഒ.സി) സംസ്ഥാനത്ത് കാണപ്പെടുന്ന വിവിധങ്ങളായിട്ടുള്ള ദുരന്തങ്ങളെ സമഗ്രമായി പഠന വിധേയമാക്കുകയും അവയെ പ്രതിരോധിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്ന |

| | | | |
|---|---|---|---|
| | | | തിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. അതിനു വേണ്ടി സ്വയം നിയന്ത്രിതങ്ങളായ വിവിധ തരത്തിലുള്ള ഉപകരണങ്ങളായ വെതർ സ്റ്റേഷൻ ഡിസ്ചാർജ് ഗേജ്, ഭൂകമ്പമാപിനികൾ എന്നിവയെല്ലാം സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രവുമായി ബന്ധിപ്പിക്കുകയും ദുരന്തങ്ങളുടെ മുൻകൂട്ടിയുള്ള പ്രവചനം സാദ്ധ്യമാക്കുകയും ചെയ്യുന്നു. ജില്ലകളിലുള്ള ദുരന്ത നിവാരണ സംവിധാനത്തിലുള്ള നിർദ്ദേശങ്ങൾ നൽകുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്നായിരിക്കും. തന്മൂലം കേന്ദ്രീകൃതമായ ഒരു ദുരന്തനിവാരണ പ്രവർത്തന ശൈലിയും പ്രസ്തുത കേന്ദ്രം വിഭാവനം ചെയ്യുന്നുണ്ട്. |
| (സി) | ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | റവന്യൂ ദുരന്തനിവാരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി ആഭ്യന്തരം, ആരോഗ്യം, ശാസ്ത്ര സാങ്കേതികം, അഗ്നിശമന സേനാ വിഭാഗം, കൃഷി, തദ്ദേശ സ്വയം ഭരണം, വ്യവസായം, മൃഗസംരക്ഷണം, ജല വിഭവം, പൊതുമരാമത്ത്, വനം, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ വകുപ്പുകളാണ് സഹകരിക്കുന്നത്. ഈ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നത് റവന്യൂ ദുരന്തനിവാരണ വകുപ്പും അതിന്റെ കീഴിലുള്ള സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രവുമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ദുരന്തനിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി 7.68 കോടി രൂപ ചെലവ് കണക്കാക്കുന്ന ഒരു കെട്ടിട സമുച്ചയം (2921 sqm) കൺട്രോൾ റൂമും അനുബന്ധ സജ്ജീകരണങ്ങളുമുൾപ്പെടെ എല്ലാ സജ്ജീകരണങ്ങളോടു കൂടി നിർമ്മിക്കുന്നതിനുള്ള ശുപാർശ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ